**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ഗ്രാമവീകസന വകുപ്പിന്റെ അധീനതയിലുള്ള 18 സെന്റ് സ്ഥലം പോരൂർ ഗ്രാമപഞ്ചായത്തിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഗ്രാമസേവാകേന്ദ്രം നിർമ്മിക്കുന്നതിനായി വിട്ടു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).2132/13/തസ്വഭവ                    തീയതി, തിരുവനന്തപുരം, 20.08.2013

================================================================================

പരാമർശം:- ഗ്രാമവികസന കമ്മീഷണറുടെ 17.05.2013 തീയതിയിലെ 4298/ജെ.ആർ.വൈ.2/2013 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പെരിന്തൽമണ്ണ, നിലമ്പൂർ സംസ്ഥാന പാതയോരത്ത് ചെറുകോട് ടൗണിലെ ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ള 18 സെന്റ് സ്ഥലം, പോരൂർ ഗ്രാമപഞ്ചായത്തിന്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഗ്രാമസേവാകേന്ദ്രം നിർമ്മിക്കുന്നതിലേക്കായി, ഉടമസ്ഥാവകാശം, ഗ്രാമവികസന വകുപ്പിൽതന്നെ നിലനിർത്തിക്കൊണ്ട് വിട്ടു നൽകുന്നതിന് സമ്മതമാണെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശ പ്രകാരം അറിയിക്കുകയും ടി സ്ഥലത്തുള്ള കെട്ടിടം പൊളിച്ച് മാറ്റുന്നതിനുള്ള ലേല നടപടികൾ പൂർത്തിയാക്കുന്നതിനുശേഷം മാത്രമേ സേവാകേന്ദ്രം നിർമ്മിക്കുവാനുള്ള അനുമതി നൽകാവുയെന്നും, നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിൽ എസ്.ജി.എസ്.വൈ. വിപണനകേന്ദ്രം നടത്തുന്നതിനായി ഗ്രൗണ്ട് ഫ്ലോറിൽ അനുയോജ്യമായി ഒരു മുറി വിട്ടുനൽകണമെന്ന് ഉത്തരവാകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശ പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരിന്തൽമണ്ണ, നിലമ്പൂർ സംസ്ഥാന പാതയോരത്ത് ചെറുകോട് ടൗണിലെ ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ള 18 സെന്റ് സ്ഥലം, ഉടമസ്ഥാവകാശം ഗ്രാമവികസന വകുപ്പിൽതന്നെ നിലനിർത്തിക്കൊണ്ട് പോരൂർ ഗ്രാമപഞ്ചായത്തിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഗ്രാമസേവാകേന്ദ്രം നിർമ്മിക്കുന്നതിന് മറ്റുപാധികളില്ലാതെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.പി.ചന്ദ്രപ്രകാശ്,

അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.
3. സെക്രട്ടറി, പോരൂർ ഗ്രാമപഞ്ചായത്ത്.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Dey

സെക്ഷൻ ഓഫീസർ